# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 582 — 10-03-2015-ലെ മറുപടിയ്ക്ക്

## കേരള സംസ്ഥാന ലോട്ടറി സമ്മാനത്തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഏതൊക്കെ പേരുകളിലായി എത്ര വിഭാഗം ലോട്ടറി ടിക്കറ്റുകളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്; ഓരോ ലോട്ടറിയുടെയും പേരും ടിക്കറ്റ് വിലയും സമ്മാനത്തുകയും എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; | എ) | പൗർണ്ണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി, ധനശ്രീ, കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളും സമ്മർ ബമ്പർ, വിഷു ബമ്പർ, മൺസൂൺ ബമ്പർ, തിരുവോണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ എന്നി ബമ്പർ ഭാഗ്യക്കുറികളുമാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്. മറ്റ് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ലോട്ടറിയുടെ പേര് | ടിക്കറ്റ് വില | ആകെ സമ്മാനത്തുക |
|---|---|---|
| പൌർണ്ണമി | 30 | 7,34,80,000/- |
| വിൻ വിൻ | 30 | 7,44,00,000/- |
| ധനശ്രീ | 40 | 5,10,40,000/- |
| അക്ഷയ | 30 | 7,48,80,000/- |
| കാരുണ്യ പ്ലസ് | 50 | 5,86,40,000/- |
| ഭാഗ്യനിധി | 30 | 7,50,20,000/- |
| കാരുണ്യ | 50 | 5,71,40,000/- |
| വിഷു ബമ്പർ | 100 | 11,65,00,000/- |
| മൺസൂൺ ബമ്പർ | 100 | 8,41,50,000/- |
| തിരുവോണം ബമ്പർ | 200 | 28,12,60,000/- |
| പൂജാ ബമ്പർ | 100 | 8,94,50,000/- |
| ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ | 100 | 10,60,00,000/- |
| സമ്മർ ബമ്പർ | 100 | 9,32,00,000/- |

| | | | |
|---|---|---|---|
| ബി) | സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക നൽകാതിരുന്ന വകയിൽ കഴിഞ്ഞ 3 വർഷമായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) | 2011-12 സാമ്പത്തികവർഷത്തിൽ 29,65,81,150/- രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 55,16,72,650/- രൂപയും 2013-14 സാമ്പത്തികവർഷത്തിൽ 73,45,60,600/- രൂപയുമാണ് ലഭിച്ചത്. |
| സി) | സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയാൽ എത്ര നാളുകൾക്കുള്ളിൽ ജേതാവിന് തുക ലഭിക്കാറുണ്ട് ; ക്ലെയിം ചെയ്തിട്ടും ഇതുവരെ പണം വിതരണം ചെയ്യാത്ത എത്ര കേസ്സുകൾ ഇപ്പോൾ പെൻഡിംഗിലുണ്ട് ; എത്ര തുകയാണ് ഇങ്ങനെ വിതരണം ചെയ്യാതിരിക്കുന്നത്; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; | സി) | സമ്മാനാർഹർ നിയമാനുസൃതമായ എല്ലാ രേഖകളും സഹിതം ടിക്കറ്റു ഹാജരാക്കിയാൽ ഒരു മാസത്തിനുള്ളിൽ തന്നെ സമ്മാനത്തുക നൽകിവരുന്നു. അന്യ സംസ്ഥാനത്തുനിന്നും ഹാജരാക്കിയ 31 കേസുകൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഇവയുടെ സമ്മാനത്തുക വിതരണം ചെയ്തിട്ടില്ല. 6,14,70,000/- രൂപയും 200 പവൻ തങ്കവുമാണ് വിതരണം ചെയ്യാതിരിക്കുന്നത്. |
| ഡി) | സമയബന്ധിതമായി സമ്മാനത്തുക വിതരണം ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | വകുപ്പ് സമയബന്ധിതമായി സമ്മാനത്തുകകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ആവശ്യമായ രേഖകളുടെ അഭാവത്തിൽ, ആയത് ലഭിക്കുന്നതിനായി കത്തുകൾ അയക്കുകയും ഫോൺ മുഖാന്തിരം ആവശ്യപ്പെടുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ.